# കുഞ്ഞാടുകളുടെ വെളിച്ചം

ഫെബ്രുവരി 2019



മലബാർ സ്വതന്ത്ര സുറിയാനി സഭ യൂത്ത് ലീഗ് പ്രസിദ്ധീകരണം

# കുഞ്ഞാടുകളുടെ വെളിച്ചം

മലബാർ സ്വതന്ത്ര സുറിയാനി സഭ
യൂത്ത് ലീഗ് പ്രസിദ്ധീകരണം

സെന്റ് തോമാസ് ചർച്ച്, ഗുരുവായൂർ റോഡ്, കുന്നംകുളം - 680 503
miscylkv@gmail.com

പുസ്തകം : 37 | ഫെബ്രുവരി 2019 | ലക്കം : 5



രക്ഷാധികാരി
മോസ്റ്റ്. റവ. സിറിൽ മാർ ബസ്സേലിയോസ്
മെത്രാപ്പോലീത്ത

പത്രാധിപസമിതി

ചീഫ് എഡിറ്റർ
**റവ: ഫാ. അഫ്രേം അന്തിക്കാട്**
9746621024

സബ് എഡിറ്റർ
**ഡീക്കൺ ബെന്ന്യാമിൻ ചിറ്റിലപ്പിള്ളി**

വൈസ് പ്രസിഡന്റ്
**റൈഫിസൺ കെ. ബാബു**

ജനറൽ സെക്രട്ടറി
**റവ: ഫാ. തോമസ് ചീരൻ**
9946835344

ജോ. സെക്രട്ടറി
**അനീഷ് വിൽസൺ**
**ഹന്ന ബെന്നി**

ട്രഷറർ
**ഗീവർ പി. മാണി**
8943903993

അംഗങ്ങൾ
**സനിൽ പി. സഖറിയ**
**സമോഷ് സഖറിയ**
**രഞ്ജു**
**സഞ്ജു**
**ഐറിൻ റോസ്**
**എഡിസൺ**

ഉപദേശകസമിതി
റവ. ഫാ. വർഗ്ഗീസ് വാഴപ്പിള്ളി
ബിജോയ് പി. മാത്യു
വർഗ്ഗീസ് കെ. എ.

**ആയുഷ്ക്കാല വരിസംഖ്യ - 1500/-**
**വാർഷിക വരിസംഖ്യ- 150/-**


## ഉൾത്താളുകളിൽ...


- പത്രാധിപകുറിപ്പുകൾ 2
- ഇടയലേഖനം 3
- സ്വർഗ്ഗത്തെ കാംക്ഷിക്കുന്നവർ 4
- Lots of Good 6
- ഒരു ഭക്തന്റെ ആത്മഗതം 6
- നമ്മെ കരുതുന്ന ദൈവം 7
- രക്ഷ ദൈവീക ഇടപെടലും 8
- ബൈബിൾ ക്വിസ് 11
- നീയെവിടെ 13
- ശിഷ്യത്വം അനുകരണവും അനുഗമനവും 14
- വാർത്തകളും കുറിപ്പുകളും 16



കുഞ്ഞാടുകളുടെ വെളിച്ചം
മലബാർ സ്വതന്ത്ര സുറിയാനി സഭ
യൂത്ത് ലീഗ് പ്രസിദ്ധീകരണം

**വായിക്കുക!**
**വരിക്കാരാവുക!!**

# പത്രാധിപക്കുറിപ്പുകൾ

പ്രിയ സ്നേഹിതരേ,

"നിങ്ങളുടെ ഇന്നത്തെ പ്രവർത്തി നാളയെ നിർണയിക്കും". മഹാത്മഗാന്ധി യുടെ വാക്കുകളാണിവ . ആക്ഷരിക ലോകത്ത് നിന്ന് ആത്മീയ ലോകത്തേക്ക് ആയി തീരേ ണ്ടതിന്റെ ആവശ്യകത കൂടി ഇതിൽ വെളിപ്പെടുത്തുന്നുണ്ട്. അക്ഷരത്തിൽ നിന്ന് ആത്മാവിലേക്ക് നാം ആയിത്തീരുമ്പോൾ നന്മയുടേയും കരുണയുടെയും സഹവർത്തിത്വ ത്തിന്റെയും ഗുണങ്ങൾ നമ്മിലേക്ക് കടന്നുവരും. വിശുദ്ധ ഗ്രന്ഥങ്ങളും, ആത്മീയ ആചാ ര്യൻമാരും വ്യാഖ്യാനങ്ങളിലൂടെയും ആരാധനാ അനുഷ്ഠാനങ്ങളിലൂടെയും സമൂഹത്തെ എത്തിക്കേണ്ടത് ആ ലക്ഷ്യത്തിലേക്കാണ്; ആ ലക്ഷ്യത്തിലേക്കായിരിക്കണം ഫെബ്രുവരി മാസം നമ്മെ ഓർമ്മപ്പിക്കുന്നത്. A.D 270 ൽ റോമൻ ചക്രവർത്തി ആയിരുന്ന ക്ലോഡിയസ് രണ്ടാമന്റെ ഉത്തരവ് ലംഘനത്തോട് ചേർന്ന് രക്തസാക്ഷി ആയിതീർന്ന St.വാലന്റെയ്ന്റെ ആണ് വാലന്റെയൻ രക്തസാക്ഷി ആയിതീർന്നത്. സ്നേഹത്തിന് വേണ്ടി മാത്രമല്ല സമാ ധാനം നിലനിർത്തുന്നതിന് കൂടി വേണ്ടി ആയിരുന്നു. നന്മയുടെയും കരുണയുടെ സ്നേഹ ത്തിന്റെയും ആത്മാവ് മാത്രമല്ല സമാധാനത്തിന്റെയും ആത്മാവ് നമ്മിൽ നിലയുറക്കപ്പെട്ട് ദൈവം അതിനായി സ്വർഗ്ഗീയ വാതിൽ തുറന്ന് നമ്മെ അനുഗ്രഹിക്കട്ടെ. നമ്മുടെ നല്ല പ്രർത്തികൾ നാളെ നമ്മെ സ്തുതിക്കട്ടെ.

എന്ന്
ഫാ. അഫ്രേം അന്തിക്കാട്
ചീഫ് എഡിറ്റർ

# MALABAR INDEPENDENT SYRIAN CHURCH

**Most. Rev. Cyril Mar Basseliose Metropolitan**
Supreme Head and Permanent Trustee

St. George Cathedral
Thozhiyur-680 520

# ഇടയലേഖനം

കർത്താവിൽ അനുഗ്രഹീതരേ,

ലോകത്ത് ഉണ്ടായിരിക്കുന്ന മാറ്റങ്ങൾ ഏതു വിധത്തിലാണ് കുടുംബങ്ങളെ ബാധിച്ചിരിക്കുന്നതെന്ന് നാം ബോധവാന്മാരായിരിക്കണം. ഇക്കാലത്തുണ്ടാകുന്ന വീഴ്ചകൾ കുടുംബങ്ങളുടെ തകർച്ചയ്ക്ക് വഴിയൊരുക്കും. ഒരിക്കലും നമ്മുടെ രാജ്യത്ത് വരില്ലയെന്ന് കരുതിയ മൂല്യത്തകർച്ചകൾ ഇവിടേയും സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നത് തള്ളിക്കളയാനാവില്ല. ദയാവധം സ്വവർഗ്ഗവിവാഹം, അബോർഷൻ തുടങ്ങി ലോകത്തെ ഏറ്റവും മോശമെന്ന് വിശേഷിപ്പിക്കാവുന്ന ആശയങ്ങൾക്ക് ഇവിടേയും സ്വീകാര്യത ഏറിവരികയാണ്. മാധ്യമങ്ങളുടെ സഹായത്തോടെ ആധുനികതയുടെ പരിവേഷം ചാർത്താൻ അവയ്ക്ക് കഴിഞ്ഞു. തെറ്റായ ആശയങ്ങൾ മാധ്യമങ്ങളിലൂടെ നമ്മുടെ സ്വീകരണമുറികളിലേക്ക് കടന്നുവരുന്നു. സ്വാതന്ത്ര്യത്തെ ഏതു വിധത്തിൽ വളച്ചൊടിക്കാൻ കഴിയുമെന്നതിന് ഉദാഹരണങ്ങളായി ഇവയിൽ പല ആശയങ്ങളും ഉയർന്നു നിൽക്കുന്നു. ഇവ എല്ലാം ലക്ഷ്യം വെയ്ക്കുന്നത് കുടുംബങ്ങളെയാണ്.

രാജ്യത്തിന്റെ ഇപ്പോഴത്തെ വളർച്ചയുടെ അടിസ്ഥാനഘടകം ശക്തമായ കുടുംബബന്ധങ്ങളാണ്. അവിടെ വിള്ളലുകൾ വീണാൽ സഭയും സമൂഹവും രാജ്യവും അതിന്റെ ദുരന്തഫലങ്ങൾ നേരിടേണ്ടതായി വരും. സ്വാതന്ത്ര്യത്തെ വ്യാഖ്യാനിച്ച് ഏത് തിന്മയേയും ആശ്ലേഷിക്കാനുള്ള ലൈസൻസായി മാറ്റിക്കൊണ്ടിരിക്കുന്നു. കുടുംബബന്ധങ്ങളിൽ സംഭവിക്കുന്ന വിള്ളലുകൾ ഏതെങ്കിലും പ്രത്യേക വിഭാഗത്തെ മാത്രം ബാധിപ്പിക്കുന്നവയല്ല എന്ന് കരുതി നമുക്ക് നിശബ്ദരാകുവാനും കഴിയില്ല. സമൂഹത്തിന് ദിശ തെറ്റുമ്പോൾ നേർവഴിയിലേക്ക് നയിക്കേണ്ടതും ദിശാബോധം നല്കേണ്ടതും ആത്മീയതയുടെ ഭാഗമാണ്. പെരുകുന്ന വിവാഹ മോചനങ്ങൾ നല്കുന്ന സൂചനകൾ കണ്ടില്ലായെന്ന് നടിക്കാനാവില്ല. മക്കൾ മാതാപിതാക്കളെ വഴിയരുകുകളിൽ ഉപേക്ഷിക്കുന്ന വാർത്തകൾ നമ്മുടെ നാട്ടിൽ അത്ര സാധാരണമായിരുന്നില്ല. ഇപ്പോഴത്തെ കുടുംബങ്ങളുടെ മുൻഗണനകൾ പരിശോധിച്ചാൽ മക്കളുടെ വിദ്യഭ്യാസത്തിനായിരിക്കും പ്രഥമ പരിഗണന നല്കിയിരിക്കുന്നത്. രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയുടെ പിന്നിലും വിദ്യഭ്യാസ മേഖലയിൽ ഉണ്ടായ വളർച്ച നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

വിദ്യഭ്യാസത്തിന് പ്രാധാന്യം നല്കുമ്പോൾ അതിനൊപ്പം ആത്മീയതക്കും സ്ഥാനം ഉണ്ടാവണം. എത്ര ഉയർന്ന പദവിയിലെത്തിയാലും, സാമ്പത്തികമായി ഉയർന്നാലും മനുഷ്യത്വമില്ലാത്തവരുടെ എണ്ണം വർദ്ധിക്കുന്നുണ്ടെങ്കിൽ അതിന് തകർച്ചയായിട്ടായിരിക്കും ചരിത്രം വിലയിരുത്തുക. പല വികസിത രാജ്യങ്ങളും നിലനില്പ്പിനായി പൊരുതുകയാണ്. ജനനനിരക്ക് രാജ്യത്തിന്റെ നിലനിൽപ്പിന് ബാധിക്കുന്ന രീതിയിൽ കുറഞ്ഞു വരുന്നു. മറ്റു രാജ്യങ്ങളിൽ നിന്നും ഉണ്ടാവുന്ന കുടിയേറ്റത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ പിന്നിലെ കാരണം ഇതാണ്. കുഞ്ഞുങ്ങൾക്ക് ജന്മം നല്കാൻ ദമ്പതികൾക്ക് താത്പര്യമില്ലാതായിരിക്കുന്നു. കഴിഞ്ഞ തലമുറയുടെ കാലത്ത് ഉണ്ടായ തെറ്റായ ആശയങ്ങൾ കീഴടക്കിയതാണ് അങ്ങിനെ ഒരു ജീവിത രീതി രൂപപ്പെട്ടതിന്റെ പുറകിലുള്ളത്. വഴിതെറ്റിക്കുന്ന ആശയങ്ങളെ വേണ്ട രീതിയിൽ പ്രതിരോധിക്കാനായില്ല. ആ വീഴ്ച സൃഷ്ടിച്ച ദുരന്തങ്ങളെ എങ്ങിനെ നേരിടണമെന്നറിയാതെ ഭരണാധികാരികൾ ഇപ്പോൾ നെട്ടോട്ടമോടുകയാണ്.

ദൈവ ഭയത്തിൽ വളരുന്ന കുട്ടികൾ മാതാപിതാക്കളെയും സഹോദരങ്ങളേയും സ്നേഹിക്കാതിരിക്കുകയും മനഃസാക്ഷിക്ക് വിരുദ്ധമായി ജീവിക്കുന്നവരോ ആയി മാറില്ല. തിന്മയെ നന്മയെന്ന് വിളിക്കുന്നതാണ് ആധുനിക ലോകം നേരിടുന്ന വലിയ വെല്ലുവിളികളിൽ ഒന്ന്. നന്മ തിന്മകളെ വേർതിരിക്കുവാനുള്ള പരിശീലനം ചെറുപ്പകാലത്ത് തന്നെ നല്കണം. കുടുംബങ്ങളെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളിൽ കൂടുതൽ സജ്ജീവമാകേണ്ടിയിരിക്കുന്നു. കുടുംബങ്ങളെ സമീപിക്കുമ്പോൾ വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന ആശയങ്ങളോ, കാഴ്ചപ്പാടുകളോ ഇനി മതിയാവുകയില്ല.

കർത്തൃശുശ്രൂഷയിൽ
(ഒപ്പ്)
സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത

ജൂബി ജിംസൻ

# സ്വർഗ്ഗത്തെ കാംക്ഷിക്കുന്നവർ

വിശുദ്ധ ബൈബിളിൽ പൗലോസ് ശ്ലീഹാ കാരാഗ്രഹത്തിൽ വെച്ച് ഫിലിപ്പിയർക്ക് എഴുതിയ ലേഖനം മൂന്നാം അദ്ധ്യായത്തിൽ ഇരുപതാം വാക്യത്തിൽ നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാകുന്നു എന്ന് വ്യക്തമായി പറയുന്നുണ്ട്.

കർത്താവായ യേശു ക്രിസ്തു സ്വർഗ്ഗരാജ്യത്തെക്കുറിച്ച് ഒത്തിരി ഉപമകളും സദൃശ്യങ്ങളും പറഞ്ഞിട്ടുണ്ട്. വിശുദ്ധ മത്തായി പതിമൂന്നാം അദ്ധ്യായത്തിൽ ഇരുപത്തിനാലാം വാക്യം മുതൽക്ക് സ്വർഗ്ഗരാജ്യത്തെക്കുറിച്ച് ഉപമ പറയുന്നുണ്ട്. നല്ല വിത്ത് വിതച്ച ഒരു മനുഷ്യനോടും, കടുകുമണിയോടും, വയലിൽ ഒളിപ്പിച്ച് വെച്ച നിധിയോടും പുളിച്ച മാവിനോടും കടലിൽ മീൻ പിടിക്കുന്ന വലയോടും അങ്ങനെ ഒത്തിരി ഒത്തിരി ഉപമകൾ മത്തായി 25-ാം അദ്ധ്യായത്തിൽ വിളക്ക് എടുത്ത് മണവാളനെ എതിരേല്പ്പാൻ പോയ പത്ത് കന്യകമാരോട് സദൃശ്യപ്പെടുത്തിയിരിക്കുന്നു.

ബുദ്ധിയുള്ള അഞ്ച് കന്യകമാർ വിളക്ക് എടുത്തപ്പോൾ എണ്ണ കൂടെ എടുത്തു. ബുദ്ധയില്ലാത്തവർ എണ്ണ കരുതിയില്ല. അർദ്ധരാത്രിക്ക് മണവാളൻ വരുന്നു എന്ന ആർപ്പുവിളി ഉണ്ടായപ്പോൾ കന്യകമാർ എഴുന്നേറ്റ് വിളക്ക് തെളിയിച്ചു. ബുദ്ധിയില്ലാത്തവരുടെ വിളക്ക് കെട്ടുപോകുന്നതു കൊണ്ട് കുറച്ച് എണ്ണ ബുദ്ധിയുള്ളവരോട് ചോദിച്ചു. ബുദ്ധിയുള്ളവർ പറഞ്ഞു എണ്ണ തന്നാൽ നിങ്ങൾക്കും ഞങ്ങൾക്കും പോരാ എന്ന് വരാതിരിപ്പാൻ വിൽക്കുന്നവരുടെ അടുക്കൽ പോയി വാങ്ങി കൊൾവിൻ എന്ന് പറഞ്ഞു. അവർ വാങ്ങാൻ പോയപ്പോൾ മണവാളൻ വന്നു വാതിൽ അടക്കുകയും ചെയ്തു.

നമ്മൾ ഈ ഭൂമിയിൽ ജീവിക്കുമ്പോൾ സ്വർഗ്ഗരാജ്യത്തേക്കുള്ള എണ്ണ സമ്പാദിക്കേണ്ടിയിരിക്കുന്നു. ഗലാത്യർ 5-ൽ 22ൽ പറഞ്ഞിരിക്കുന്നതുപോലെ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രീയ ജയം എന്നീ ആത്മാവിന്റെ ഫലമായ എണ്ണ സമ്പാദിക്കേണം. ഉദാഹരണത്തിന് ഗൾഫ് മലയാളികൾ തങ്ങളുടെ സമ്പാദ്യം കൂട്ടിവെച്ച് നല്ലൊരു വീട് പണിയുന്നതുപോലെ സ്വർഗ്ഗരാജ്യത്തിൽ അവകാശം കിട്ടുവാൻ ശരീരമാകുന്ന വിളക്കോടു കൂടെ കുറച്ച് എണ്ണയും അതായത് സുകൃതങ്ങൾ കരുതേണ്ടിയിരിക്കുന്നു അല്ലെങ്കിൽ വാതിൽ അടയുകയും കർത്താവ് ഞാൻ നിങ്ങളെ അറിയുന്നില്ല എന്ന് സത്യമായിട്ടും പറയുകയും ചെയ്യും. രാത്രിയിൽ എണ്ണ വാങ്ങാം എന്ന് വിചാരിച്ചാൽ കടകൾ തുറക്കുമോ ? വിൽപ്പനക്കാർ ഉണ്ടാകുമോ ? അവസരം കിട്ടുമോ ? ഒന്നുമില്ല. ഒരോ കൊല്ലവും ഫലം കായ്ക്കും എന്ന് വിചാരിച്ച് ഓരോ ഊഴവും തരും സമയമുണ്ടല്ലോ പിന്നെ നന്നാകാം എന്ന് വിചാരിച്ചാൽ ഇത് അവസാനത്തെ ഊഴമാണെങ്കിലോ ? ഇനി ഒരുഊഴം കിട്ടിയില്ലെങ്കിലോ ? നാം ഭൂമിയിൽ ജീവിക്കുമ്പോൾ തന്നെ സ്വർഗ്ഗത്തെ കുറിച്ചും ചിന്തിക്കാൻ വൈരാഗ്യവും ഈർഷ്യയും അപ്പോഴെ ഇല്ലാതാകും.

യേശുക്രിസ്തു ശിഷ്യരുടെ കാൽ കഴുകിയതു പോലെ അത്ര ചെറുതാകാൻ എന്താണ് വേണ്ടത് ? നന്മയുള്ള മനസ്സ്. അത് മാത്രം മതി. ബൈബിൾ ചിന്തകർ പറയുന്നത് ദൈവം രണ്ട് സ്ഥലത്താണ് വസിക്കുന്നത്. ഒന്ന് സ്വർഗ്ഗത്തിലും രണ്ട് നന്മയുള്ള മനുഷ്യഹൃദയങ്ങളിലും ഒരു ആത്മീയ ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നതു പോലെ "വിജയിക്കാൻ മാത്രം പഠിച്ചാൽ പോരാ തോൽക്കാനും നാം പഠിക്കണം. ജീവിത പങ്കാളിയുടെ മുമ്പിലും മാതാപിതാക്കളുടേയും, മക്കളുടേയും, അധികാരികളുടേയും മുമ്പിലും തോൽക്കാൻ പഠിച്ചാലെ വിജയകരമായി ജീവിക്കാനാകൂ. തോറ്റു കൊടുക്കുവാൻ മനസ്സില്ലാത്തവർ എന്നും യുദ്ധ ഭൂമിയിലാണ്. അവർക്ക് ഒരിക്കലും സ്വസ്ഥത ഉണ്ടാവില്ല."

നമ്മൾ കുട്ടികളാകുമ്പോൾ നമ്മുടെ മുതിർന്നവർ പറയും ചീത്തകുട്ടിയായാൽ നരകത്തിൽ പോകും അവിടെ പാമ്പും തേളും കെടാത്ത തീയും ചാകാത്ത പുഴുവുമൊക്കെയായിരിക്കും. നല്ല കുട്ടികളായാൽ സ്വർഗ്ഗത്തിൽ പോകാം. അവിടെയാണെങ്കിൽ ഐസ്ക്രീമും ഫ്രൂട്ട്സും പിന്നെ വേണ്ടതൊക്കെ കിട്ടും. അതുകൊണ്ട് ആരോടും പിണങ്ങാൻ പാടില്ല. അടിപിടിയുണ്ടാക്കാൻ പാടില്ല. അതു കേൾക്കുമ്പോൾ കയ്യിലുള്ള കൊച്ചു കൊച്ചു പെൻസിൽ കൊടുത്തിട്ടും മിഠായി കൊടുത്തിട്ടും

ഒന്ന് കൂട്ടാകുമോ, ഒന്ന് കൂട്ടാകുമോ എന്ന് പറഞ്ഞ് എല്ലാവരുമായി കൂട്ടാകും. വളർന്നപ്പോൾ പിണക്കങ്ങളായി പരിഭവങ്ങളായി കൂട്ടുകൂടാൻ മറന്നും പോയി. വെളിച്ചെണ്ണയും കാപ്പിപ്പൊടിയും പോലെ ബന്ധങ്ങൾ ഫിൽട്ടർ ചെയ്ത് എടുക്കാൻ പറ്റില്ല എന്നറിഞ്ഞിട്ടും അതിലെ പോരായ്മകൾ നാം മനസ്സിൽ കോറിയിട്ടു. ആരേയും താഴ്ത്തി കെട്ടാതെ നമ്രതയോടെ വിനീതമായി ദൈവം തന്ന ബന്ധങ്ങളെ കുട്ടിക്കാലത്തെ പോലെ സ്വീകരിക്കാൻ നാം പഠിക്കേണ്ടിയിരിക്കുന്നു.

സ്വർഗ്ഗത്തെ കുറിച്ച് ഞാൻ കേട്ട ഒരു കഥ പറയാം. ഭൂമിയിൽ ഒരുപാട് നന്മ ചെയ്ത മനുഷ്യൻ മരിച്ചപ്പോൾ സ്വർഗ്ഗ കവാടത്തിലെത്തി ദൂതൻ വന്ന് ജീവന്റെ പുസ്തകം തുറന്നു. താങ്കളുടെ പേര് ജീവന്റെ പുസ്തകത്തിൽ കാണാനില്ലല്ലോ. അപ്പോൾ അയാൾ പറഞ്ഞു അങ്ങനെ വരാൻ വഴിയില്ല. ഞാൻ ജനങ്ങൾക്കു വേണ്ടി ഒത്തിരി സ്ഥാപനങ്ങളും പാവങ്ങൾക്ക് വീടുകളും പള്ളിയ്ക്ക് ഒത്തിരി സംഭാവനയും കൊടുത്തിട്ടുണ്ട്. നിങ്ങളുടെ സിസ്റ്റത്തിന് എന്തെങ്കിലും തകരാറ് സംഭവിച്ചിട്ടുണ്ടാകും എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ ഭൂമിയിൽ പോയി നോക്കിയാൽ മതി. എന്റെ പേര് സ്ഥാപനങ്ങളിലും പള്ളികളിലും ന്യൂസ്പേപ്പറുകളിലുമൊക്കെ എഴുതി വെച്ചിട്ടുണ്ട്. അപ്പോൾ ദൂതൻ പറഞ്ഞു ഇവിടുത്തെ സിസ്റ്റത്തിന് തകരാറ് പറ്റാറില്ല. പക്ഷേ ഇവിടെ ഒരു നിയമമുണ്ട്, ഏതെങ്കിലും ഒരു സ്ഥലത്തെ പേരുണ്ടാകൂ. പേരിനു വേണ്ടി ഭൂമിയിൽ എന്തെങ്കിലും ചെയ്താൽ സ്വർഗ്ഗത്തിൽ പേരുണ്ടാകില്ല.

മത്തായി 6-ൽ 20ൽ ഇപ്രകാരം പറയുന്നുണ്ടല്ലോ ഭിക്ഷ കൊടുക്കുമ്പോൾ മനുഷ്യനാൽ മാനം ലഭിപ്പാൻ തന്റെ മുമ്പിൽ കാഹളം ഊതിക്കരുത്. അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്ന് ക്രിസ്തു അവരോട് പറയുന്നുണ്ട്. പേര് ലക്ഷ്യമാക്കി ചെയ്യാൻ പാടില്ല എന്നർത്ഥം. ദൈവ മഹത്വത്തിനായ് ചെയ്യുമ്പോൾ അത് അനുഗ്രഹമായി മാറും. സ്വർഗ്ഗരാജ്യത്തിന് അവകാശികളായി തീരും. ഒപ്പം സങ്കീർത്തനം 37-ൽ 11-ൽ പറഞ്ഞിരിക്കുന്ന തുപോലെ ഭൂമിയെ കൈവശമാക്കും.

പണ്ട് അമ്മ വീട്ടിൽ പോകുമ്പോൾ സ്ത്രീകൾ വീശുമുറം ഉപയോഗിച്ച് നെല്ലും പതിരും വേർതിരിക്കുന്നത് തെല്ല കൗതകത്തോടെ നോക്കി നിന്നിട്ടുണ്ട്. നന്മ ചെയ്തില്ലെങ്കിൽ നാം പതിരായി പോകും. വിശുദ്ധ മത്തായി 3-ൽ 12ൽ ഇപ്രകാരം എഴുതിയിട്ടുണ്ട്. വീശുമുറം അവന്റെ കയ്യിൽ ഉണ്ട് അവൻ കളത്തെ മുറ്റും വെടുപ്പാക്കി കോതമ്പ് കളപ്പുരയിൽ കൂട്ടി വെയ്ക്കുകയും പതിർ കെടാത്ത തീയിൽ ഇട്ട് ചുട്ടുകളകയും ചെയ്യും.

വിശ്വ പ്രസിദ്ധനായ ടോൾസ്റ്റോയിയുടെ ഒരു കഥ ഉണ്ട്. കഥയുടെ പേര് "ഉത്തമ മാർഗ്ഗം". രണ്ട് വൃദ്ധന്മാർ എഫീം, എലിഷ എന്നായിരുന്നു അവരുടെ പേര്. ജറുസലേം ദേവാലയത്തിൽ പോകണമെന്നായിരുന്നു അവരുടെ വലിയ ആഗ്രഹം. കഥ ചുരുക്കത്തിൽ. പോകുന്ന യാത്രയിൽ എലിഷ വെള്ളം കുടിക്കാൻ ഒരു ഗ്രാമത്തിൽ ഒരു വീട്ടിൽ കയറുന്നു. ആ വീട്ടിലെ ശോചനീയമായ അവസ്ഥ കണ്ട് എലിഷ അവരെ സഹായിക്കാൻ തീരുമാനിച്ചു. എഫീം ഇതൊന്നും അറിയാതെ ജറുസലേമിൽ എത്തി ദൈവാലയത്തിലെ തിരക്ക് കാരണം പ്രാർത്ഥനാ മന്ദിരത്തിനടുത്തേയ്ക്ക് പോലും എഫീമിന് എത്താൻ കഴിഞ്ഞില്ല. എന്നാൽ അയാൾ അകലെ നിന്ന് നോക്കിയപ്പോൾ എലിഷ അവിടെ വിശുദ്ധ മന്ദിരത്തിൽ നിൽക്കുന്നതും കണ്ടു അത്ഭുതപ്പെട്ടു. ഈ മനോഹരമായ കഥ ഇങ്ങനെ എഴുതിയാൽ ഒന്നും ആകില്ല എന്ന് നമുക്കറിയാം. ഇതിൽ നിന്ന് നമുക്ക് ഒന്ന് മനസ്സിലാക്കാം. നല്ല ശമര്യക്കാരനാകുന്ന ആളുകൾക്ക് അവരുടെ വലിയ ആഗ്രഹങ്ങൾ, സമയം അങ്ങിനെ ഒത്തിരി കാര്യങ്ങൾ ബലി കഴിക്കേണ്ടി വരുന്നുണ്ട്. അപ്പോൾ അവരുടെ സ്ഥാനം വിശുദ്ധ മന്ദിരത്തിൽ ദൈവം വസിക്കുന്നിടത്തായിരിക്കും.

കർത്താവ് തന്റെ വലത്തു ഭാഗത്തുള്ളവരോട് എനിക്ക് വിശന്നു നിങ്ങൾ എനിക്ക് ഭക്ഷിപ്പാൻ തന്നു. എനിക്ക് ദാഹിച്ചു നിങ്ങൾ എനിക്ക് കുടിപ്പാൻ തന്നു എന്നൊക്കെ പറയുമ്പോൾ തങ്ങളുടെ സൽപ്രവർത്തികൾക്ക് യാതൊരു കണക്കും സൂക്ഷിക്കാത്ത അവർ അവനോട് ഇതൊക്കെ എപ്പോൾ സംഭവിച്ചു
എന്ന് ചോദിക്കുന്നു. അപ്പോൾ കർത്താവ് എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് ചെയ്തു തന്നത് എല്ലാം എനിക്ക് ചെയ്തു തന്നു. വിശുദ്ധ മത്തായി ഇരുപത്തിയഞ്ചിൽ മുപ്പത്തിനാലാം വാക്യത്തിൽ അരുളി ചെയ്തതുപോലെ "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കികൊൾവിൻ എന്ന വാക്ക് കേൾക്കുവാൻ നമ്മൾ ഒരോരുത്തരേയും ദൈവം അനുഗ്രഹിക്കട്ടെ. ●



Elizabeth George
Newyork, U.S.A.

# Lots of Good

In galatians 6:10 the Apostle Pauls said, "As we have opportunity, let us do good to all people, especially to those who belong to the family of believers". Begin working on goodness and then stand back as god grows in you a heart that serves. The instructions are simple. However, doing it takes a life time!

John Wesley said,

Do all the good you can,
by all the means you can,
in all the ways you can,
in all the places you can,
at all the times you can,
to all the people you can,
as long as ever you can

There is so much good to be done. Once you start serving God by serving others, life get exciting !. Discover you heart of goodness and put it into action.

Lord, help me see the need for goodness all around me. I want my heart , hands, words and deeds to serve you. Show me how, and give me a heart of true compassion. Amen.

കവിത

# ഒരു ഭക്തന്റെ ആത്മഗതം



നിന്നെ ഞാനറിയായ്ക കൊണ്ട്-
നിന്നിൽ ഞാനറിഞ്ഞീല്ലയെന്നെയും
എന്നെ ഞാനറിഞ്ഞീടുന്നതല്ലെ?
നിന്നെ ഞാനറിഞ്ഞീടുന്നത്
എന്നെ ഞാനറിയാതിരുന്ന വേളയിൽ,
എന്നെ നീ അറിഞ്ഞീടുന്നു നിശ്ചയം
മണ്ണാണു നീയെന്ന് നീ, പറഞ്ഞീടുന്നു, കേവലം,
ഭൂമിക്കു മുമ്പേ ഞാനുണ്ടുതാനും
എന്റെ രൂപവും, എന്റെ സാദൃശ്യവും
നിന്റെയാണെന്നറിഞ്ഞിരുന്നില്ല ഞാൻ
എന്റെ ശ്വാസവും, നിന്റെ ശ്വാസവും
ഒന്നാണെന്നറിഞ്ഞിരുന്നില്ല ഞാൻ
ഒന്നാണെങ്കിൽ, ഞാനെന്തിനു, മരിക്കണം ?
നിന്നിലായവനെന്നും, ജീവിക്കുമല്ലൊ.
എവിടെയൊ നിത്യമാമൊരുവാസമുണ്ടതിൽ-
എത്തിപ്പെടുവാനെന്തുള്ളൂ മാർഗ്ഗം
ചിന്തകളിലതു ഞാൻ, ചിന്തിച്ചീടവെ
ചന്തമായ് നേടുവാൻ, നീ തന്നെയാശ്രയം
അങ്ങിനാണെങ്കിൽ കണ്ടിടാം പറുദീസയിൽ
അമരനായ് മേവിടാം നീയ്യുമൊത്ത്

● തമ്പാൻ ചാലിശ്ശേരി

ഡെയ്സി വർഗ്ഗീസ്
ചാലിശ്ശേരി

# നമ്മെ കരുതുന്ന ദൈവം

നമ്മുടെ ആപൽഘട്ടങ്ങളിൽ നമ്മെ കരം പിടിച്ച് ഉയർത്തുന്ന ഒരു കർത്താവ് നമുക്ക് ഉണ്ട്. നമ്മുടെ ചെറുതും വലുതുമായ ഓരോ ആവശ്യങ്ങൾ നമ്മുടെ കർത്താവ് ചെയ്തു തരുന്നുണ്ട്. നമ്മൾ അറിയുന്നില്ല എന്നതാണ് സത്യം. നമ്മുടെ ആവശ്യങ്ങൾ ചെയ്തു തരുമ്പോൾ നന്ദിയോടെ കർത്താവിന് സോസ്ത്രം ചെയ്യേണ്ടത് നാം ഓരോരുത്തരുടേയും കടമയാണ്. നമ്മുടെ കാര്യങ്ങൾ സാധിച്ചു കിട്ടിയാൽ പിന്നെ ദൈവത്തെ മറക്കും. പ്രാർത്ഥനയിൽ കൂടി എന്നെ ദൈവം വഴി നടത്തിയിട്ടുണ്ട്. അതുപോലെ തന്നെ പല കാര്യങ്ങളും സാധിച്ചു തന്നിട്ടുണ്ട്. യാക്കോബ് 4 ന്റെ 6 ൽ ഇങ്ങനെ പറയുന്നു "ദൈവം നിഗളികളോട് എതിർത്തു നില്ക്കുന്നു താഴ്മയുള്ളവർക്ക് കൃപ നല്കുന്നു, ആകയാൽ നിങ്ങൾ ദൈവത്തിന് കീഴടങ്ങുവിൻ പിശാചിനോട് എതിർത്ത് നില്ക്കുവിൻ എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടി പോകും. ദൈവത്തോട് അടുത്തു ചെല്ലുവിൻ, എന്നാൽ ദൈവം നമ്മോട് അടുത്തു വരും." മേൽ പറഞ്ഞ വരികളുടെ അർത്ഥം നമ്മൾ മനസ്സ് ഇരുത്തി വായിക്കുകയാണെങ്കിൽ നമ്മുടെ ഹൃദയത്തിൽ അത് പതിയുകയും മറ്റുള്ളവർക്ക് വചനം പറഞ്ഞ് കൊടുക്കുന്നതിന് സാധിക്കുകയും ചെയ്യും. ശീമോനെ പറ്റി അല്പം എഴുതുവാൻ ആഗ്രഹിക്കുന്നു. ശീമോൻ എന്ന വാക്കിന്റെ അർത്ഥം കേൾക്കുക എന്നതാണ്. യേശുവിന്റെ 12 ശിഷ്യന്മാരിൽ ഒരുവനായിരുന്നു എരിവുകാരനായ ശീമോൻ. ശീമോൻ നീതിമാനായിരുന്നു. ലൂക്കോസ് 2-25. ശീമോൻ കുറ്റമില്ലാത്ത ജീവിതമുള്ളവനും ഭക്തനുമായിരുന്നു. ശീമോൻ നല്ല മനുഷ്യനും പരിശുദ്ധാത്മാവിനാലും വിശ്വാസത്താലും നിറഞ്ഞവനായിരുന്നു. ദൈവ മക്കൾക്ക് നല്ല മാതൃകയായിരുന്നു ശീമോന്റെ ജീവിതം. പരിശുദ്ധാത്മാവ് നിറവുള്ളവൻ ലൂക്കോസ് 2.25. യേശു കാൽവരി ക്രൂശിലെ മരണത്തിൽ കൂടി മനുഷ്യരക്ഷ പൂർത്തിയായതിനു ശേഷം ഉയർത്തെഴുന്നേറ്റ് സ്ഥാനാരോഹണം ചെയ്തതിനു മുമ്പായി നല്കിയ വാഗ്ദാനമാണ് പരിശുദ്ധാത്മാവ്. ക്രിസ്തുവിനെ കാണണമെന്ന വാഗ്ദാനം ഭക്തനായ യെഹൂദൻ ദൈവ ജനത്തിന്റെ വീണ്ടെടുപ്പുകാരനായ മശിഹായെ കാത്തിരിക്കുന്നത് പരിഹരിക്കുന്ന ഭക്തനായ ശീമോന് വാഗ്ദത്ത നിവർത്തി ഉണ്ടായി.

യേശു സമാധാന ദായകൻ ലൂക്കോസ് 2-29. യേശുവിനെ സ്വീകരിച്ചതോടെ ശീമോന് സമാധാനം ലഭിച്ചു.

സമാധാനത്തോടെ ലോകത്തോട് യാത്ര പറയുവാൻ അവനിടയായി. ശീമോൻ മറിയയെ അനുഗ്രഹിച്ചു. ശീമോൻ യേശുവിന്റെ വളർത്തച്ഛനേയും അമ്മയേയും അനുഗ്രഹിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തു. 1 തിമത്ഥിയോസ് 2 ന്റെ 8. ആകയാൽ പുരുഷന്മാർ എല്ലായിടത്തും കോപവും വാഗ്ദത്ത വിദ്വേഷവും വിട്ട് വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കുവാൻ ആഗ്രഹിക്കുന്നു. അവ്വണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ കർത്താവിന് അലങ്കരിക്കേണം. നീട്ടിയ മുടി, പൊന്ന്, മോതിരം ഇവയെ കൊണ്ടല്ല കർത്താവിനെ പ്രീതിപ്പെടുത്തേണ്ടത്, സൽപ്രവർത്തികൊണ്ട് കർത്താവിനെ അലങ്കരിക്കേണം.

**മൂന്നാം ചരമവാർഷികം**

**29-01-2019**



**അമ്മിണി ചുമ്മാർ**

കൂത്തൂർ ഹൗസ്,

പോർക്കുളം

ജൂബി ജിംസൻ

# രക്ഷ: ദൈവീക ഇടപെടലും മനുഷ്യന്റെ പ്രതികരണവും (റോമർ 3:21–26)

" ഒരു വ്യത്യാസവുമില്ല: എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു, അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതികരിക്കപ്പെടുന്നതു: വിശ്വസിക്കുന്നവർക്കു അവന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു. ദൈവം തന്റെ പൊറുമയിൽ മുൻ കഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ താൻ നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതികരിക്കുന്നവനും ആകേണ്ടതിനു യേശുവിൽ വിശ്വസിക്കുന്നവനെ നീതികരിക്കുന്നവനും ആകേണ്ടതിനു അക്കാലത്ത് തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ തന്നെ അങ്ങനെ ചെയ്തത്:

**റോമിലെ സഭ**

പൗലോസ് സ്ഥാപിക്കാത്തതും സന്ദർശിക്കാത്തതുമായ സഭയാണത് സ്ഥാപകൻ പത്രോസല്ല. പെന്തക്കോസ്ത് നാളിൽ യെരുശലേം സന്ദർശിച്ചവരിൽ റോമയിൽ നിന്നുള്ളവരും ഉണ്ടായിരുന്നു (അപ്ര 2:10). അവരാകാം ഈ സഭ സ്ഥാപിച്ചത്.

**ലേഖനത്തിന്റെ ഉദ്ദേശ്യം**

1. പൗലോസ് പ്രസംഗിക്കുന്ന സുവിശേഷവും അതിന്റെ പ്രായോഗികതയും അറിയിക്കുക.
2. ഭൂമിയുടെ അറ്റം വരെ സുവിശേഷം അറിയിക്കുന്നതിന്റെ ഭാഗമായി സ്പെയിൻ സന്ദർശിക്കണമെന്ന് ആഗ്രഹമുണ്ട്. അതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ആവശ്യപ്പെടുക.
3. സഭയിൽ യെഹൂദനും യവനനും തമ്മിലുള്ള സഹവർത്തിത്വത്തിലെ അസഹിഷ്ണുത പരിഹരിക്കുക (റോമ 11:11–32)
4. യെഹൂദനും യവനനും ഒരു പോലെ പ്രസക്തമായ ഒരു സുവിശേഷം അറിയിക്കുക. (1:16)
5. റോമാ ഭരണകൂടത്തിന്റെ നീതിയിൽ നിന്നു വ്യത്യസ്തമായി ദൈവിക നീതിയുടെ അടിസ്ഥാനത്തിൽ "ദൈവരാജ്യ നീതി" എങ്ങനെ സ്ഥാപിക്കാം. അവരെ ബോധ്യപ്പെടുത്തുക.
6. അനീതികൊണ്ടും അഭക്തി കൊണ്ടും ദൈവത്തോടു നിരന്തരം കലഹിക്കുന്ന മനുഷ്യരോടുള്ള ദൈവത്തിന്റെ സദ്വർത്തമാനം അറിയിക്കുക.

**പശ്ചാത്തലം**

1. പാപത്തിന്റെ സാർവ്വലൗകികത: (1:21) മനുഷ്യന്റെ പാപവും ധാർമ്മിക അന്ധതയുമാണ് ഈ ഭാഗത്തിന്റെ പ്രധാന വിഷയം ദൈവത്തെ അറിഞ്ഞിട്ടും ദൈവത്തെ മഹത്വീകരിക്കുകയോ നന്ദി കാണിക്കുകയോ ചെയ്യാത്ത മനുഷ്യ സമൂഹത്തെക്കുറിച്ചു പ്രതിപാദിച്ചിരിക്കുന്നു.

2. വിഗ്രഹവല്ക്കരണം: അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ ക്ഷയമുള്ള ജീവ ജാലമാക്കി മാറ്റുന്നു. (1:23)

3. സൃഷ്ടിസൃഷ്ടാവിൽ നിന്നു സൃഷ്ടിയിലേക്ക് ഉൾവലിയുന്നവർ (1:25)

4. ബന്ധങ്ങളിൽ അസ്വഭാവികത പുലർത്തുന്നവർ

5. വിശേഷ ബുദ്ധിയിൽ നിന്നു നികൃഷ്ടബുദ്ധിയിലേക്ക് പിൻവലിയുന്ന ജനം. ദൈവം നല്കിയ വിശേഷബുദ്ധിയെ നഷ്ടമാക്കുന്ന സ്വഭാവം യെഹൂദനും യവനനും പോലെ ചെയ്തിരുന്നതാണ്. അതിലും ദൈവത്തിനു വേദന നൽകുന്നത്, ഇത് പാപമാണെന്നു അറിയാം. എന്നാൽ ''മരണ യോഗ്യർ എന്നറിഞ്ഞിട്ടും പ്രവർത്തികുക മാത്രമല്ല പ്രവർത്തിക്കുന്നവരിൽ പ്രസാദിക്കുക കൂടി ചെയ്യുന്നു." ഒരു കരുണയ്ക്കും അർഹമല്ലാത്തവരോടാണ് ദൈവം ഇടപെടുന്നത് 1:18–3:20 വരെയുള്ള വാക്യങ്ങളിൽ ദൈവ കോപത്തിനു അധീനരായ മനുഷ്യരെ കുറിച്ചാണ് പറയുന്നത്. എന്നാൽ "ഇപ്പോഴോ (3:21) എന്ന വാക്ക് കൊണ്ട് ഒരു പുതിയ യുഗം ആരംഭിക്കുകയാണ്. ഇംഗ്ലീഷിൽ "But Now" എന്നാണ് പറയുന്നത്. ഇതുവരെ എന്തുസംഭവിച്ചു എന്നതല്ല ഇനി മുതൽ എന്തു എന്നതാണ് ദൈവീക നീതിയുടെ വെളിപ്പാടിന്റെ ആമുഖമാണ് 'ഇപ്പോഴോ' എന്ന വാക്ക്. Decissive interference in the history or

Salvation: രക്ഷാചരിത്രത്തിൽ ദൈവത്തിന്റെ നിർണ്ണായകമായ ഇടപെടൽ ആണ് നിലവിലുള്ള തെല്ലാം മാറുന്നു. " നാം നമ്മുടെ നവരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കുക എന്ന ദൈവം അരുളിച്ചെയ്യുന്ന അതുവരെ നടന്ന സൃഷ്ടി പ്രക്രിയയിൽ നിന്നു അതു വ്യത്യസ്തമായത് ഒന്ന്. അതുപോലെ ദൈവം പുതിയ തീരുമാനം എടുത്ത നിമിഷം. 'ഇപ്പോഴോ' എന്ന വാക്കിനു പൗലോസ് അപ്പോസ്തോലൻ ഉപയോഗിച്ചിരിക്കുന്ന മറ്റൊരു പദമാണ് "കാലസമ്പൂർണ്ണത" (ഗല 4:4) സമയത്തിന്റെ പൂർണ്ണത എന്നത് ഈ വാക്കിന്റെ അത് ശരീര ധാരണത്തിന്റെ നിമിഷമാണ്. ദൈവ ഇടപെടലിന്റെ ചരിത്ര മുഹൂർത്തമാണ്. പരാജയപ്പെട്ട പദ്ധതികളുടെ സ്ഥാനത്ത് ഒരു നൂതന പദ്ധതി. ആനൂതന പദ്ധതി 'ദൈവിക നീതി' യുടെ വെളിപ്പാടാണ്.

ദൈവ നീതിയുടെ അടിസ്ഥാനം ദൈവത്തിന്റെ വിശ്വസ്തതയും ദൈവത്തിന്റെ കരുണയുമാണ്. ദൈവ കോപത്തിനു പുതിയ നിർവ്വചനം നൽകുകയാണ് ദൈവ നീതിയിൽ കൂടി വികലമാക്കപ്പെട്ട ദൈവ സങ്കല്പത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളെ തിരുത്ത് ആണ് ദൈവിക നീതിയുടെ വെളിപ്പാടിലൂടെ സംഭവിക്കുന്നത്. സ്വർഗ്ഗത്തിൽ നിന്നു ദൈവ കോപത്തിനു പകരം വെളിപ്പെട്ടത് ദൈവ നീതിയാണ്. ദൈവനീതിയുടെ പുതിയ യുഗത്തിലെ അടിസ്ഥാനം ക്രിസ്തുവാണ്. ആ ക്രസ്തുവിലുള്ള വിശ്വാസമാണ് ദൈവീക നീതി സ്വായത്തമാക്കുന്നതിനുള്ള ഏക മാർഗ്ഗം. ഇത് സമഗ്രമാണ് എല്ലാവരെയും ഉൾക്കൊള്ളുന്നതാണ്. അന്നുവരെ നീതികരണത്തിനു അടിസ്ഥാനമായി കരുതിയ ന്യായപ്രമാണത്തിന്റെ നിരാകരണമാണ് ഇവിടെ സംഭവിക്കുന്നത്. ഇനിയും ആർക്കും ഒരു പ്രത്യേക സ്ഥാനവും ഇല്ല എല്ലാവർക്കും നൽകപ്പെടുന്നതാണ് ദൈവ നീതി. ഈ ദൈവ നീതി വെളിപ്പെട്ടു വന്നതാണ് എന്ന് പൗലോസ് പറയുന്നു. ഈ ദൈവനീതി വേറെ ആരുമല്ല അതു ക്രിസ്തുവാണ്. അതായത് "But Now" എന്നത് 'ഇപ്പോഴോ' ദൈവം ശരീരം ധരിക്കാൻ തീരുമാനിച്ച നിമിഷങ്ങൾ ആണ്. അത് ലോക ചരിത്രത്തെ തന്നെ തിരുത്തികുറിച്ചു. ദൈവിക ഇടപെടൽ ആണ് ദൈവ നീതിയുടെ വെളിപ്പാട് രക്ഷണ്യയുഗത്തിന്റെ ആരംഭമാണ്. കൃപയുടെ യുഗമാണത്. ദൈവിക വിമോചനത്തിന്റെ പുതിയ യുഗമാണ് ദൈവിക നീതി.

മുകളിൽ രേഖപ്പെടുത്തിയ റോമർ 3:21-26 വരെയുള്ള 6 വാക്യങ്ങളെ നാലായി തരം തിരിക്കാം.

1. ദൈവ നീതിയുടെ വെളിപ്പാട്
2. ദൈവ നീതിയിലെ തുല്യത
3. ദൈവ നീതിയിലെ ക്രിസ്തു സാന്നിദ്ധ്യം
4. ദൈവത്തിന്റെ നീതിയും പാപിയുടെ നീതികരണവും

1. **ദൈവ നീതിയുടെ വെളിപ്പാട്:** ദൈവനീതി എന്താണ് എന്നു ചുരുക്കമായി പ്രസ്താവിച്ചു. ഇത് ദൈവത്തിന്റെ വാഗ്ദത്തിന്റെ നിവൃത്തിയാണ്. ദൈവിക പദ്ധതി പൂർത്തികരിക്കാൻ യിസ്രായേൽ പരാജയപ്പെട്ടു. അബ്രഹാമിനു കൊടുത്ത വാഗ്ദത്തം നിന്നാൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും (ഉല്പത്തി 12:3) എന്നാണ്. എന്നാൽ ന്യായപ്രമാണം കൊണ്ടും അവരുടെ ജീവിതം കൊണ്ടും അവർ ദൈവിക പ്രമാണം മറന്നു കളഞ്ഞു. 'അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്ക് വരിക' എന്നതാണ് ദൈവനീതി. അതിനു ക്രിസ്തു നമുക്കു വേണ്ടി ശാപമായിത്തീർന്നു. (ഗലാത്യർ 3:13,14). ദൈവ നീതിയുടെ വെളിപ്പാട് 'ശാപമായി തീർന്ന ക്രിസ്തു'വിലൂടെയാണ് നഷ്ടപ്പെട്ടുപ്പോയ ദൈവതേജസ്സിന്റെ വീണ്ടെടുപ്പിലൂടെയാണ് ദൈവ നീതി ലോകത്തിനു വെളിപ്പെടുത്തിയത്. ദൈവ നീതി എന്നുപറയുന്നത് ദൈവ തേജസ്സിലേക്കുള്ള (ഏദനിലേക്കുള്ള) തിരിഞ്ഞു നടപ്പാണത്. അവിടെയാണ് ദൈവസംസർഗ്ഗത്തിന്റെ സന്തോഷം പൂർണ്ണമാകുന്നത്.

2. **ദൈവ നീതിയിലെ തുല്യത:** ദൈവ നീതിയിൽ ഒരു തുല്യതയുണ്ട്. അതിന്റെ അടിസ്ഥാനം ദൈവം ഏകനാണ് (3:30) എന്നതാണ്. ദൈവത്തിനു മുഖപക്ഷമില്ല എന്നതും (2:11) ദൈവനീതിയിലെ തുല്യതയ്ക്ക് അടിസ്ഥാനമാണ്. രക്ഷയിലെയും ശിക്ഷയിലെയും അവകാശം എല്ലാ വിഭാഗങ്ങൾക്കും ദൈവം ഒരു പോലെ നൽകിയിരിക്കുന്നു. "വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും അതു രക്ഷയ്ക്കായി ദൈവ നീതി ആകുന്നു" (1:16). "തിന്മ പ്രവർത്തിക്കുന്ന ഏത് ആത്മാവിനും കഷ്ടവും സങ്കടവും ആദ്യം യെഹൂദനും പിന്നെ യവനനും വരും", (2:9). അബ്രഹാമിനെ ദൈവം പിതാവായി നിയമിച്ചത് ന്യായ പ്രമാണം ഉള്ളവർക്കു വേണ്ടി മാത്രമല്ല. അല്ലാത്തവർക്കു വേണ്ടി കൂടിയാണ്. "വാഗ്ദത്തം സകല സന്തതിക്കും ന്യായപ്രമാണമുള്ളവർക്കുമാത്രമല്ല... ഞാൻ നിന്നെ ബഹുജാതികൾക്ക് പിതാവാക്കി വെച്ചു", (4:16,17). ദൈവം ഏകനാകയാൽ അവൻ യെഹൂദന്മാരുടെയും യവനന്മാരുടെയും ദൈവമാണ്. "അല്ല ദൈവം യെഹൂദന്മാരുടെ ദൈവം മാത്രമോ അവൻ

ജാതികളുടെയും ദൈവമാകുന്നു. ദൈവനീതി ഒരു പോലെ എല്ലാവർക്കും ആവശ്യമാണ്. കാരണം "ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവ തേജസ്സു ഇല്ലാത്തവരായി" (3:23). യെഹൂദനുമാത്രമല്ല ദൈവതേജസ്സു നഷ്ട്ടപ്പെട്ടത്. സകലർക്കും ദൈവതേജസ്സു നഷ്ടപ്പെട്ടു. നഷ്ടപ്പെട്ട തേജസ്സിന്റെ വീണ്ടെടുപ്പാണ് രക്ഷ അതാണ് ദൈവനീതി.

3. **ദൈവ നീതിയിലെ ക്രിസ്തു സാന്നിദ്ധ്യം** : ക്രിസ്തു ദൈവ നീതിയുടെ വെളിപ്പാടാണ് എന്ന് മുമ്പ് സൂചിപ്പിച്ചല്ലോ. ക്രിസ്തു എങ്ങനെയാണ് അത് നേടിയെടുത്തത് എന്ന് പൗലോസ് വിശദമാക്കുന്ന രക്ഷ എന്ന വാക്കിനെ പൗലോസ് മൂന്നു രൂപകങ്ങൾ മുഖേനയാണ് വ്യക്തമാക്കുന്നത്.

a. നീതികരണം
b. വീണ്ടെടുപ്പ്
c. പ്രായ്ശ്ചിത്തം

രക്ഷയെ വിശദമാക്കാൻ പൗലോസ് ഉപയോഗിച്ചിരിക്കുന്ന ഈ രൂപകങ്ങളുടെ ദൈവത്തിന്റെ കൃപയാണ് ഒരു അവകാശവും ഇല്ലാതിരുന്നവർക്ക് ദൈവം നൽകുന്ന പദവിയാണ് അവരുടെ അപൂർണ്ണമായ പരിശ്രമങ്ങൾക്ക്, ബലഹീനമായ അവസ്ഥയിൽ സാദ്ധ്യമായിതീരുന്നത്. ദൈവം അവർക്ക് നൽകുന്നതാണ് കൃപ എന്നത്. ഇത് സൗജന്യമാണ്. അതിന്റെ വില ആർക്കും നൽകാൻ സാധ്യമല്ല. അതിന്റെ ക്രിസ്തുവിന്റെ കുരിശു മരണമാണ്.

### a. നീതികരണം

വിശ്വാസത്താലുള്ള നീതീകരണം എന്നത് റോമാ ലേഖനത്തിലെ പ്രധാന പ്രമേയമാണ്. പാപികളുടെ പക്ഷത്തു നില്ക്കുന്ന ദൈവത്തിന്റെ സ്വഭാവമാണ് വിശ്വാസത്താലുള്ള നീതീകരണത്തിൽ പൗലോസ് വരച്ചു കാണിക്കുന്നത്. മുൻ സൂചിപ്പിച്ചതു പോലെ അവിശ്വാസികൾ അഭക്തർ എന്നു വിളിച്ചിരുന്നവരെ ദൈവ മക്കൾ എന്നു വിളിക്കുന്ന പ്രക്രിയക്ക് ആണ് നീതീകരണം എന്നു പറയുന്നത്. ന്യായം വിധിക്കുവാനും ശിക്ഷ വിധിക്കുവാനും അവകാശമുള്ളവൻ കുറ്റക്കാരെ ന്യായീകരിക്കുന്നതാണ് നീതികരണം. "ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്ക് വേണ്ടി മരിക്കാൻ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു."(5:8). ദൈവം നീതിയുള്ള ദൈവം എന്നാണ് അംഗീകരിച്ചിരിക്കുന്നത്. നീതിയുള്ള ദൈവത്തിൽ നിന്നു നീതിപൂർവ്വമായ വിധി ഉണ്ടാകണം. എന്നാൽ പാപം ചെയ്ത് മരണയോഗ്യരായവരെ വെറുതെ വിടുന്നു എന്നത് ദൈവം "അനീതി" യുള്ളവനായി മാറുകയാണ്. നീതികരണം എന്നാൽ മുഷ്യന്റെ 'അനീതി' ഏറ്റെടുക്കുക എന്നതാണ് (Embracing the "unjust" nature of human kind) ഇത് ഒരു വിപ്ലവത്മകമായ പ്രഖ്യാപനമാണ്. നീതീകരണത്തെ കോടതിയിലെ നടപടികളോട് ഉപമിക്കാറുണ്ട്. കുറ്റം ചെയ്തവൻ എന്ന ന്യായാധിപനെ പൂർണ്ണബോധ്യമുള്ളപ്പോഴും ശിക്ഷിക്കാതെ വെറുതെ വിടുന്ന വിധിക്കാണ് നീതീകരണം എന്ന് പറയുന്നത്. ഇത് ലഭിക്കുന്നവൻ അതിന് അർഹതയുള്ളവനല്ല. അതിന്റെ വില തിരികെ നല്കുവാനും സാധ്യമല്ല. ഇത് തീർത്തും സൗജന്യമാണ്. അത് കൃപയുടെ വെളിപ്പാടാണ്. അക്ഷരത്തിൽ നിന്നും ആത്മാവിലേക്കുള്ള വളർച്ചയാണ്. നീതീകരിക്കപ്പെട്ടവർ ദൈവം പാപം മായിച്ചുകളഞ്ഞവരാണ്. ഉടമ്പടിയുടെ മക്കളാണ്, പുതിയ മനുഷ്യനാണ്.

### b. വീണ്ടെടുപ്പ്

വീണ്ടെടുപ്പിന്റെയും അടിസ്ഥാനം ദൈവകൃപയാണ്. യേശുക്രിസ്തുവിലൂടെ മാത്രം സാധ്യമായിതീരുന്നതാണ്. ഇതും ദൈവ സ്നേഹത്തിന്റെ പ്രദർശനമാണ്. ഈ രൂപകത്തിന്റെ പശ്ചാത്തലം അടിമസമ്പ്രദായവും അടിമചന്തയുമാണ്. അടിമ കമ്പോളത്തിൽ വില്ക്കാൻ വന്ന അടിമളെ മഹാമനസ്സ്കനായ ഒരു മനുഷ്യൻ വന്നു വാങ്ങിയതിനുശേഷം സ്വാതന്ത്ര്യത്തോടു കൂടി പറഞ്ഞയക്കുന്ന പ്രക്രിയയാണ് വീണ്ടെടുപ്പ്. വീണ്ടെടുപ്പ്, വിമോചനം എന്നീ പദങ്ങൾ യഹൂദന് നന്നായി അറിയാവുന്നതാണ്. സ്വാതന്ത്ര്യം ഏതു മനുഷ്യനും ഇഷ്ടപ്പെടുന്ന വാക്കാണ്. മിസ്രയീം, പെസഹായും, ചെങ്കടലും, മരുഭൂമിയും യഹൂദന്റെ അടിമത്വത്തേയും സ്വാതന്ത്ര്യത്തേയും ഓർപ്പിക്കുന്നതാണ്. ആ വിമോചനം പൂർണ്ണമായിരുന്നില്ല. ഇന്നും അവർ പാപത്തിന് അടിമകളാണ്. അടിമത്വത്തിൽ നിന്നുള്ള വിമോചനമാണ് വീണ്ടെടുപ്പ്. "അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പുണ്ട്. (എഫെ 1:17). നമുക്ക് പാപമോചനമെന്ന വീണ്ടെടുപ്പുണ്ട്. (കൊല 1:14). വീണ്ടെടുപ്പ് സാധ്യമായി തീർന്നത് ക്രിസ്തുവെന്ന നിർദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടാണ് (1 പത്രോസ് 18,19). വിമോചനത്തിന്റെ പൂർണ്ണതയാണ് ക്രിസ്തുവിലൂടെയുള്ള വീണ്ടെടുപ്പ്.

# ബൈബിൾ ക്വിസ്

1. ഹൃദയചിന്തനങ്ങളെ വിവേചിക്കുന്നതെന്ത്?
2. മഹാപുരോഹിതൻ എന്ന നാമം ലഭിച്ചത് ആരാലാണ്?
3. ആത്മാവിന്റെ നങ്കൂരം എന്ത്?
4. കർത്താവ് ഉദിച്ചത് എവിടെ നിന്ന്?
5. രണ്ടാമത്തെ കൂടാരത്തിൽ ബലി കഴിച്ചിരുന്നത് ആര്? എപ്പോൾ?
6. ജീവന്റെ പുതുവഴിയായ യേശുവിന്റെ ദേഹം എന്തിനെ സൂചിപ്പിക്കുന്നു.
7. വിശ്വാസത്താൽ ജീവിക്കുന്നതാര്?
8. നിർമ്മല പ്രാർത്ഥന ആരുടേതാണ്?
9. അഭിവൃദ്ധി പ്രാപിക്കുവാൻ നാം എന്ത് ചെയ്യണം?
10. ഇയ്യോബ് വീടായി പ്രതീക്ഷിക്കുന്നത് എന്തിനെയാണ്.

**ഈ ലക്കം ചോദ്യങ്ങളുടെ വേദഭാഗം ഇയ്യോബ് 16 മുതൽ 25, എബ്രായർ**

**c. പ്രായ്ശ്ചിത്തം**

ദേവൻമാരുടെ മുമ്പാകെ രക്തം ഒഴിച്ചു ദൈവങ്ങളുടെ കോപത്തെ ശമിപ്പിക്കുന്ന രീതിയെ ഈ വാക്ക് കൊണ്ട് സൂചിപ്പിച്ചിരിക്കുന്നു. യിസ്രായേലിന്റെ യാഗർപ്പണത്തിന്റെ അതിസ്വരവും ഇതിനകത്തുണ്ട്. എന്നാൽ 'ഹിലസ്റ്റേറിയോൻ' എന്ന വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അതിനു കൃപാസനം എന്നർത്ഥം പുറപ്പാട് 25:17-22 വരെയുള്ള വാക്യങ്ങളിലും (ലേവ്യ പുസ്തകം 7:89) ലും കൃപാസനത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. ദൈവം ജനത്തോടു സംസാരിക്കുന്ന സ്ഥലമാണിത്. ധൂപം അർപ്പിച്ചു രക്തം തളിച്ചു പ്രായശ്ചിത്തം കഴിക്കുമ്പോൾ ദൈവം പ്രത്യക്ഷനായി സംസാരിക്കുന്നു എന്നാണ് വിശ്വാസം. എന്നാൽ എബ്രായ ലേഖനം കർത്താവ് പറയുന്നു " സ്വന്ത രക്തത്താൽ തന്നെ ഒരിക്കൽ വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ചു" (എബ്ര: 9:12) അതിൽ കൂടി എന്നന്നേക്കുമുള്ള വീണ്ടെടുപ്പു സാധിച്ചു. ബലിയും ബലികഴിക്കുന്നവനും ഒന്നായി മാറുന്ന ഇവിടെ വിശുദ്ധനായ ദൈവവും അശുദ്ധനായ മനുഷ്യനും ക്രിസ്തുയേശുവിൽ ഒരുമിക്കുന്നു. കുരിശ് കൃപാസനമായി തളിക്കപ്പെട്ട രക്തം കർത്താവിന്റെ ചിന്തപ്പെട്ട രക്തമായി മാറുന്നു. ദൈവത്തിന്റെ കൃപയും മനുഷ്യന്റെ ബലഹീനതയും ക്രിസ്തുവിൽ സംഗമിക്കുന്ന നമുക്കുവേണ്ടി ക്രിസ്തു മരണത്തിന് ഏൽപിച്ചു കൊടുത്തു എന്നത് (4:24) യെശയ്യാവ് (53:12) "അവന്റെ പ്രാണനെ മരണത്തിന് ഒഴുക്കികളഞ്ഞു." എന്ന് പറയുന്നതിനോട് ചേർന്നു നില്ക്കുന്നതായി പുതിയ പഠിതാക്കൾ അഭിപ്രായപ്പെടുന്നു. "മനുഷ്യൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്ക് വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനുമത്രെ വന്നത്. ആ വില നമുക്ക് വേണ്ടിയാണ്. ആ വില നമുക്കാണ് തന്നത്. അതുകൊണ്ട് നാം ഇനി നമുക്ക് വേണ്ടിയുള്ളവരല്ല ക്രിസ്തുവാകണം നമ്മിൽ ജീവിക്കുന്നത്.

**4. ദൈവത്തിന്റെ നീതിയും പാപിയുടെ നീതികരണവും**

ദൈവ നീതിയിൽ കൂടി ദൈവം തന്റെ കരുണയും സ്നേഹവും പ്രദർശിപ്പിച്ചു. ശരീരം ധരിച്ചു മരണം സഹിച്ചാണ് അത് സാധിച്ചത്. മുൻ കഴിഞ്ഞതിനെ എല്ലാം ദൈവം മറന്നു എന്നന്നേക്കുമായി മായിച്ചുകളഞ്ഞു. അങ്ങനെ ദൈവത്തിന്റെ നീതി ക്രിസ്തുവിൽ കൂടി വെളിപ്പെടുത്തിയിരിക്കുന്നു. നീതീകരണത്തിനു മനുഷ്യൻ ചെയ്യുന്ന ആദ്യപടി എന്നത് യേശുവിൽ വിശ്വസിക്കുക. വിശ്വാസത്തോടും ദൈവനീതിയോടും പ്രതികരിക്കുമ്പോൾ ദൈവം നമുക്ക് നീതീകരണവും വീണ്ടെടുപ്പും സൗജന്യമായി നൽകും. ●



# WALK WHERE JESUS WALKED

# HOLY LAND TOUR

കുന്നംകുളത്തുനിന്നും
വിശുദ്ധ നാട്ടിലേക്കൊരു

**10 DAYS**

## തീർത്ഥാടനയാത്ര









ഇസ്രയേൽ • ജോർദ്ദാൻ
പലസ്തീൻ • ഈജിപ്ത്

**2019 മെയ് 1 ന് പുറപ്പെടുന്നു.**

**COST 84500/-**

24/7 SERVICE

കൂടുതൽ വിവരങ്ങൾക്ക് :

**GRACE WORLD**
**TOURS & TRAVELS**

— a true channel to real happ ness —

#134, II[nd] Floor, Roshan's (M.M.) Complex, Opp. Allieds Lifestyle,
Guruvayur Road, Kunnamkulam, Thrissur Dt. 680 503

SERVICES

- Air Ticketing
- Tour Packages
- Visa & Passport
- Holy Land Tours
- Bus - Train Tickets
- Attestation Services
- House Boat Packages

9895 166 320 / 9400 583 486

E-mail : graceworldkkm@gmail.com
Grace World Tours & Travels

Sr.Grace Thomas C.M.C.
Rtd. Principal

# നീയെവിടെ?

“നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കുക. ഇതാണ് പ്രഥമവും പ്രധാനവുമായ കല്പന”.

മനുവെന്ന വളരെ ധനികനായ ബ്രാഹ്മണ യുവാവ്; കോളേജ് വിദ്യാർത്ഥിയായിരുന്ന കാലത്ത് തന്റെ ആത്മാർത്ഥ സുഹൃത്തായ ജോയിയിൽ നിന്നും ഈശോയെ കുറിച്ച് അറിയാൻ ഇടയായി. മനു കൂടെക്കൂടെ പ്രാർത്ഥനാ ഗ്രൂപ്പുകളിൽ പങ്കെടുക്കാൻ തുടങ്ങി. വചനദാഹം അവനിൽ ജ്വലിച്ചു. വചനം പഠിക്കുവാനുള്ള ദാഹം അവനിൽ അനുദിനം വളർന്നുവന്നു. വചനത്തിലൂടെ അവൻ സത്യദൈവത്തെ അറിഞ്ഞു. അന്ന് ആ പ്രാർത്ഥനാ ഗ്രൂപ്പിന്റെ ലീഡർ ഞാനായിരുന്നു. (St. Thomas College Prayer Group). മനുവിനു ഈശോയെ സ്വന്തമാക്കണം. വൈകാതെ മനു മാമ്മോദീസാ സ്വീകരിച്ച് ജീസ്മോൾ എന്ന പേർ സ്വീകരിച്ചു. ഇതറിഞ്ഞ മനുവിന്റെ അച്ഛൻ വിശ്വാസത്തിൽ നിന്നും അവനെ വ്യതിചലിപ്പിക്കാനായി സുന്ദരിയായ അവന്റെ മുറപെണ്ണിനെ ചട്ടം കെട്ടി. അവൾ പല വിധത്തിലും അവനെ മോഹിപ്പിക്കുവാൻ ശ്രമിക്കുകയുണ്ടായി. ഒരു ദിവസം ജീസ് മോൻ അവളോട് പറഞ്ഞു. “എനിക്ക് ഒരു ഹൃദയമേ ഉള്ളൂ. അത് ഞാൻ യേശുവിനായി കൊടുത്തു. ഇനി നിനക്ക് തരാൻ എനിക്ക് ഹൃദയമില്ല.” P.G. കഴിഞ്ഞ് ജീസ് മോൻ, നോർത്തിൽ പോയി തന്റെ ഏതാനും സുഹൃത്തുക്കളോടൊപ്പം സുവിശേഷ വേല ചെയ്യുന്നു. വചന ദാഹം അവനിൽ ജ്വലിച്ചു.”

നമ്മുടെ ഹൃദയം നാമിപ്പോൾ ആർക്കാണ് കൊടുത്തിരിക്കുന്നത് ? പണം, ലൈംഗീകത, സ്ഥാനമാനങ്ങൾ വ്യക്തിബന്ധങ്ങൾ എന്നിവയ്ക്കുവേണ്ടി സമർപ്പിച്ചിട്ടുണ്ടങ്കിൽ യേശുവിനു കൊടുക്കാൻ നമുക്കൊന്നുമില്ല. യേശുവിനാവശ്യം നമ്മുടെ ഹൃദയമാണ്. ഹൃദയം കൊടുക്കാതെ എന്തു കൊടുത്താലും അവിടത്തേക്ക് സ്വീകാര്യമല്ല. എത്രയോ വർഷമായി നാം യേശുവിന്റേതെന്നപോലെ - ക്രിസ്ത്യാനിയായി ജീവിക്കുന്നു. ഹൃദയം കൊടുത്തവർക്കായി ജീവിക്കാനും മരിക്കാനും നാം തയ്യാറാവും. യേശുവിനു വേണ്ടി കഷ്ടപ്പെടാനും സുവിശേഷത്തിന്റെ സാക്ഷിയാകാനും നമുക്ക് കഴിയാതെ പോകുന്നതിന്റെ കാരണമെന്താണ് ?

യേശുവിന് ആവശ്യം നമ്മുടെ ഹൃദയത്തിന്റെ പ്രഥമ സ്ഥാനമാണ്. “നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയും നിങ്ങൾക്കു ലഭിക്കും” (മത്താ 6:33). പക്ഷേ ഇതിനുപകരം അറിഞ്ഞോ അറിയാതെയോ ധാരാളം വിഗ്രഹങ്ങൾ നമ്മുടെ ഉള്ളിൽ സ്ഥാനം പിടിക്കുന്നു. ദൈവത്തെക്കാൾ കൂടുതൽ സമയം, ശ്രദ്ധ, സ്നേഹം ഞാൻ ആർക്കെല്ലാം എന്തിനെല്ലാം കൊടുത്തിട്ടുണ്ട് ? പണം, വസ്തുവകകൾ, സിനിമാതാരങ്ങൾ, കായികതാരങ്ങൾ, രാഷ്ട്രീയ വ്യക്തികൾ, ജോലി, ബിസിനസ്സ്, സൗന്ദര്യം, പഠിപ്പ്, പെരുമ ഇവയെല്ലാം വിഗ്രഹങ്ങളായി മാറാം. സ്വന്തം ഭാര്യ, ഭർത്താവ്, മക്കൾ, മാതാപിതാക്കൾ എന്നിവയ്ക്ക് ദൈവത്തെക്കാളുപരി സ്ഥാനം ഹൃദയത്തിൽ കൊടുക്കുമ്പോൾ കർത്താവ് അബ്രാഹാമിനോട് പറഞ്ഞതുപോലെ പറയും. “നീ സ്നേഹിക്കുന്ന നിന്റെ ഏക മകനെ എനിക്കായി ബലിയർപ്പിക്കുക”. ഇതുപോലെയുള്ള എല്ലാ വിഗ്രഹങ്ങളെയും ഹൃദയ അൾത്താരയിൽ നിന്നും എടുത്തു മാറ്റിയാൽ മാത്രമേ അന്തരാത്മാവ് വിശുദ്ധമാവുകയുള്ളൂ. യേശുവിനു നമ്മയുടെ ഹൃദയത്തിൽ വസിക്കാൻ കഴിയുകയുള്ളൂ. “നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും” (മത്താ 6:21). അവിടുന്ന് നമ്മുടെ ഹൃദയത്തിനായി ദാഹിക്കുന്നു. “ഇതാ ഞാൻ വാതിക്കൽ നിന്നു കൊണ്ട് മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നു തന്നാൽ ഞാൻ അവന്റെ അടുത്തേയ്ക്ക് വരും. ഞങ്ങൾ ഒരുമിച്ച് ഭക്ഷിക്കുകയും ചെയ്യും. ഞാൻ വിജയം വരിച്ച് എന്റെ പിതാവിനോടൊത്ത് അവിടുത്തെ സിംഹാസനത്തിൽ ഇരിക്കുന്നതുപോലെ വിജയം വരിക്കുന്നവനെ എന്നോടൊത്ത് എന്റെ സിംഹാസനത്തിൽ ഞാൻ ഇരുത്തും” (വെളി 30/20-21). ●

# ശിഷ്യത്വം: അനുകരണവും അനുഗമനവും

**(വി. മത്തായി: 10: 16–23)**

**ശി**ഷ്യത്വം ആരംഭിക്കുന്നത് ക്രിസ്തുവിന്റെ വിളിയിലാണ്. ക്രിസ്തുവിനോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ പങ്കുചേരുവാനുള്ള നിയോഗമാണ് ശിഷ്യത്വത്തിൽ അടങ്ങിയിരിക്കുന്നത്. ഈ വിളി സുഖസൗകര്യങ്ങളോടെ ജീവിതം നയിക്കാനുള്ളതല്ല, മറിച്ച് കഷ്ടതകളും, പീഢനങ്ങളും പൂർണ്ണ മനസ്സോടെ ഏറ്റെടുക്കാനുള്ളതാണ്. ശിഷ്യത്വത്തിന് പരമമായ ഒരു ലക്ഷ്യം ഉണ്ട്. ക്രിസ്തു ഈ ഭൂമിയിൽ വിളംബരം ചെയ്യുകയും അനുഭവമാക്കുകയും ചെയ്ത ദൈവരാജ്യം പ്രഘോഷിക്കുകയും അത് അനുഭവമാക്കി തീർക്കുകയും അനേകരെ ഈ അനുഭവത്തിലേക്ക് നയിക്കുകയും ചെയ്യുക എന്നുള്ളതാണ്. അതിന് ക്രിസ്തുവിനെപ്പോലെ ആയിത്തീരണം. അവനെ ജീവിതത്തിൽ പിൻതുടരണം. അതുകൊണ്ട് ശിഷ്യത്വത്തിൽ അനുകരണവും അനുഗമനവും പ്രധാനപ്പെട്ട ഘടകങ്ങളാണ്. എപ്രകാരമാണ് ഒരു ശിഷ്യൻ ക്രിസ്തുവിനെ അനുകരിക്കേണ്ടതും, അനുഗമിക്കേണ്ടതും. ഈ വിഷയത്തെ കേന്ദ്രീകരിച്ചു കൊണ്ട് ചില ചിന്തകൾ പങ്കുവെയ്ക്കാൻ ആഗ്രഹിക്കുന്നു.

**1. ക്രിസ്തുവിനെ അനുകരിക്കുന്നവരാകുക:-**

അനുകരിക്കുക എന്നത് കൊണ്ട് അർത്ഥമാക്കുന്നത് അന്യൻ ചെയ്യുന്നതുപോലെ ചെയ്യുക അല്ലെങ്കിൽ വേറൊന്നിനെ മാതൃകയാക്കി ചെയ്യുക എന്നതാണ്. ക്രിസ്തുവിനെപ്പോലെ ആയിത്തീരുക എന്നുള്ളതാണ്. അങ്ങനെയാകുമ്പോൾ ഒരു ശിഷ്യൻ, ക്രിസ്തു ഈ ലോകത്ത് നിർവ്വഹിച്ച കാര്യങ്ങൾ യാതൊരു ശങ്കയും കൂടാതെ ചെയ്യുവാൻ അർഹനാണ്. അപ്പൊസ്തലനായ പൗലോസ് ക്രിസ്തുവിനെ അനുകരിച്ച് കൊണ്ട് തന്റെ ജീവിതത്തെ നയിച്ചു എന്നുള്ളത് പുതിയ നിയമം പഠിപ്പിക്കുന്നു. അതിനു ഒരുത്തമ ഉദാഹരണമാണ് വി.പൗലൊസ് ഗലാത്യ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ അവസാനം പറയുന്നതായ കാര്യം. "ഗലാ: 6;17"–ാം വാക്യം: "ഇനി ആരും എനിക്ക് പ്രയാസം വരുത്തരുത്; ഞാൻ യേശുവിന്റെ ചൂടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു". യേശുവിന്റെ ചൂടടയാളം എന്നു പറയുന്നത് ക്രിസ്തുവിനു വേണ്ടി പൗലൊസ് സഹിച്ച കഷ്ടങ്ങളുടെ അടയാളങ്ങളാണ്. പൗലൊസ് സഹിച്ച കഷ്ടതയെക്കുറിച്ച് അദ്ദേഹത്തിന്റെ ലേഖനത്തിൽ പല ഭാഗങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു. 1 കൊരി.4:9, 11–13; 2 കൊരി.1:8, 4:10, കൊലൊ.1:24 ഈ ഭാഗങ്ങളിലെല്ലാം അവ രേഖപ്പെടുത്തിയിരിക്കുന്നു. കല്ലേറുമൂലമുള്ള വടുക്കൾ, റോമൻ ചമ്മട്ടി പ്രഹാരമുള്ള പാടുകൾ, യെഹൂദന്മാർ മൂലമുണ്ടായ വടുക്കൾ, ക്ഷീണം, വേദന, പട്ടിണി, ദാഹം, ഉറക്കിളപ്പ് ആദിയായവ മൂലമുള്ള അടയാളങ്ങൾ പൗലൊസിന്റെ ശരീരത്തിൽ കാണാമായിരുന്നു. ക്രിസ്തു ഏറ്റെടുത്ത ക്രൂശിന്റെ അനുഭവമാണ് പൗലൊസ് തന്റെ ജീവിതത്തിൽ സഹിച്ച കഷ്ടതകൾ. ക്രിസ്തുവിനെ അനുകരിക്കുന്ന ശിഷ്യത്വം എന്നത് ഇതാണ്, അവന്റെ ക്രൂശിന്റെ അനുഭവം ജീവിതത്തിൽ ഏറ്റടുക്കണം. ഇന്ന് ഭൂരിപക്ഷ ശിക്ഷ്യത്വത്തിന്റെ അവസ്ഥ ക്രിസ്തുവിനെ അനുക്രിക്കേണ്ടതിനു പകരം, ലോകസുഖങ്ങളെ അനുകരിക്കുന്നവരായി മാറിക്കൊണ്ടിരിക്കുന്നതാണ്. കഷ്ടതയേൽക്കാനും, വേദനപ്പെടാനും താൽര്യമില്ലാതെ ക്രിസ്തുവിനെ അനുകരിക്കാൻ സാദ്ധ്യമല്ല. എങ്ങനെയെങ്കിലും ഒരു വേദനയുണ്ടായാൽ വിളിച്ചവനെ പഴിക്കുന്ന ശിഷ്യരാണ് ഇന്ന് ധാരാളം. ഇവിടെ പൗലൊസ് ഒരു മാതൃകയാകുന്നു. ക്രിസ്തുവിനെ അനുകരിക്കാൻ തയ്യാറാകുമ്പോഴാണ് ശിഷ്യത്വത്തിന് അർത്ഥമുണ്ടാകുന്നത്. കർത്താവിന്റെ ശിഷ്യത്വത്തിൽ പങ്കാളികളാകാൻ ഒരുങ്ങുന്ന നമ്മൾ മനസ്സിലാക്കേണ്ട ഒരു സത്യമാണിത്. ക്രിസ്തുവിനെ അനുകരിക്കേണ്ടവരാകുക.

**2. ക്രിസ്തുവിനെ അനഗമിക്കുന്നവരാകുക:-**

വേദപുസ്തകത്തിൽ ശിഷ്യത്വം എന്ന വാക്കിന് പകരം ഉപയോഗിച്ചിരിക്കുന്ന പദങ്ങളിൽ ഒന്നാണ് അനുഗമിക്കുക എന്നുള്ളത്. വി.യോഹന്നാൻ എഴു

തിയ സുവിശേഷം 10-ാം അദ്ധ്യായത്തിന്റെ 4-ാം വാക്യത്തിൽ യേശു തന്റെ ശിഷ്യന്മാരോട് പറയുന്ന ഒരു കാര്യം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "തനിക്കുള്ളവയൊക്കെയും പുറത്തു കൊണ്ടുപോയ ശേഷം അവൻ അവയ്ക്ക് മുമ്പായി നടക്കുന്നു. ആടുകൾ അവന്റെ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു". ഇവിടെ വ്യക്തമാണ് ശിഷ്യത്വം ക്രിസ്തുവിനെ അനുഗമിക്കുന്നതാണെന്നുള്ളത്. എപ്രകാരമാണ് ഒരു ശിഷ്യൻ ക്രിസ്തുവിനെ അനുഗമിക്കേണ്ടത് ?

**1. സകലവും വിട്ട് അവനെ അനുഗമിക്കുക**

വി.മർക്കൊസ് എഴുതിയ സുവിശേഷത്തിൽ യേശു കർത്താവ് ശിഷ്യരെ വിളിക്കുന്ന രംഗം രേഖപ്പെടുത്തിയിരിക്കുന്നു. 1:16-20 വരെയുള്ള വാക്യങ്ങൾ വായിക്കുമ്പോൾ അവിടെ യേശു ശീമോനെയും അവന്റെ സഹോദരനായ അന്ത്രെയാസിനെയും വിളിക്കുമ്പോൾ അവർ തങ്ങളുടെ നിത്യവരുമാനത്തിനു ഉപയോഗിച്ചിരുന്ന വല വിട്ട് അവനെ അനുഗമിച്ചുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അതുപോലെ തന്നെ സെബദിയുടെ മക്കളായ യാക്കോബും, യോഹന്നാനും തങ്ങളുടെ അപ്പനെ കൂലിക്കാരോടു കൂടെ പടകിൽ വിട്ട് അവനെ അനുഗമിച്ചുവെന്നു പറയുന്നു. ഇവിടെ ശിഷ്യന്മാർ തങ്ങളുടെ ജീവിതത്തിലെ സകലതും വിട്ട് ക്രിസ്തുവിനെ അനുഗമിക്കുന്നു. ശിഷ്യത്വത്തിന്റെ അനുഭവം ഇതാണ്, അവന്റെ വിളിക്കു മാത്രം പ്രാധാന്യം നൽകി കൊണ്ട് അവന്റെ ശബ്ദം കേട്ട് അവനെ പിൻപറ്റുകയെന്നുള്ളത്.

**2. തന്റെ ക്രൂശെടുത്ത് അവനെ അനുഗമിക്കുക**

ക്രിസ്തുവിനെ അനുഗമിക്കുവാൻ വന്ന പുരുഷാരത്തെ നോക്കി അവൻ പറഞ്ഞത് 'ഒരുവൻ എന്നെ അനുഗമിക്കാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ എന്നാണ്. (വി.മർക്കൊ 8:34). ക്രിസ്തുവിനെ അനുഗമിക്കുന്നത് വളരെ പ്രയാസം നിറഞ്ഞ കാര്യമാണ്. യേശു തന്റെ ശിഷ്യന്മാരെ ദൈവരാജ്യം ഘോഷിക്കുവാൻ അയക്കുമ്പോൾ പറഞ്ഞത് ഇപ്രകാരമാണ്: ചെന്നയ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയക്കുന്നു. (വി.മത്തായി 10:16), 22-ാം വാക്യം എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകയ്ക്കും; അവസാനത്തോളം സഹിച്ചു നില്ക്കുന്നവനോ രക്ഷിക്കപ്പെടും. അതുകൊണ്ട് ക്രിസ്തുവിനെ അനുഗമിക്കുന്നവൻ തന്റെ ക്രൂശ് എടുത്തും കൊണ്ട് അവനെ അനുഗമിക്കണം.

ശിഷ്യത്വം: നമ്മെ ഉത്ബോധിപ്പിക്കുന്നത് രണ്ട് കാര്യങ്ങളാണ് .

1. ക്രിസ്തുവിനെ അനുകരിക്കുന്നവരാകണം.
2. ക്രിസ്തുവിനെ അനുഗമിക്കുന്നവരാകണം.

ഉപസംഹാരം: ശിഷ്യത്വം പൂർണ്ണമാക്കുന്നത് ക്രിസ്തുവിനെ അനുകരിക്കുകയും അനുഗമിക്കുകയും ചെയ്യുമ്പോഴാണ്. ദൗത്യസരണികളിൽ പ്രശ്നങ്ങൾ നേരിടുമ്പോൾ പിൻതിരിഞ്ഞ് പോകാനല്ല, അതിനെ നേരിട്ട് ക്രിസ്തുവിനെപ്പോലെ മുമ്പോട്ട് പോകാൻ മനസ്സൊരുക്കണം. അവന്റെ ശബ്ദം കേട്ട് അവന്റെ പിന്നാലെ ചെല്ലണം, ജീവിത സുഖങ്ങളല്ല ക്രിസ്തുവിന്റെ വിളിക്ക് പ്രാധാന്യം നൽകി കൊണ്ട്, ക്രൂശിന്റെ അനുഭവത്തെ ഏറ്റെടുത്തുകൊണ്ട് അവനെ അനുഗമിക്കണം. ഇത്തരത്തിൽ നമ്മുടെ ജീവിതം ക്രമീകരിക്കുവാൻ ദൈവം ഇടയാക്കട്ടെ.

## 2018 ജനുവരി മാസത്തിലെ ശരിയുത്തരങ്ങൾ

1. ശെബായർ (ഇയ്യോബ് 1 : 15)
2. തോമാന്യനായ ഏലിഫസ് (ഇയ്യോബ് 4:1)
3. നയമാന്യനായ സോഫർ (ഇയ്യോബ് 11:12)
4. വ്യാജം (ഇയ്യോബ് 15:31)
5. അദ്ധ്യക്ഷൻ (തീത്തോസ് 1:7)
6. ക്രേത്തർ (തീത്തോസ് 1:12)
7. രക്ഷാകരമായ ദൈവകൃപ (തീത്തോസ് 2:12)
8. നിക്കപ്പൊലിസ് (തീത്തോസ് 3:12)
9. സേനാസ് (തീത്തോസ് 3:13)
10. പൗലോസ് (ഫിലമോൻ 1:20)

ശരിയുത്തരങ്ങൾ അയച്ചുതന്നവർ :
ജിൻസി സിജോ ചാലിശ്ശേരി, സിജി ബാബു അക്കിക്കാവ്, മിനി ബേബി ചാലിശ്ശേരി, ഷീജ കുഞ്ഞുമോൻ പോർക്കുളം, തബീത കുഞ്ഞപ്പൻ കുന്നംകുളം, ആനി ടോണി കാണിപ്പയ്യൂർ ആനി സൈമൺ പോർക്കുളം, ഓമന ഡേവിസ് പോർക്കുളം, ബിജു എം.സി. തിരുത്തിക്കാട്, ജെസി ജോസ് ചാലിശ്ശേരി, സ്വപ്ന എം. ഗീവർ ചാലിശ്ശേരി, റൈച്ചൽ മാത്യു ചാലിശ്ശേരി, സംഗീത ഗീവർ പഴഞ്ഞി, സ്മിത ജോസ് ചാലിശ്ശേരി, പ്രിയ ജോർജ്ജ് പേരാമംഗലം, ജോളി ജെയിംസ് പേരാമംഗലം

ശരിയുത്തരങ്ങൾ അയക്കേണ്ട വിലാസം
ഫാ. തോമസ് കുരിയൻ, ക്വിസ് കോ- ഓഡിനേറ്റർ
ചെറുവത്തൂർ ഹൗസ്, കല്ലുംപുറം - 680 543
ഫോൺ: 96771 56474

വിജയി:
പ്രിയ ജോർജ്ജ്
പേരാമംഗലം

# വാർത്തകളും കുറിപ്പുകളും

**തൊഴിയൂർ**: മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പ്രഥമദേവാലയമായ അഞ്ഞൂർ മാർ ബഹനാൻ ചാപ്പലിൽ വി. ബഹനാൻ സഹദായുടെ ഓർമ്മപ്പെരുന്നാൾ ആഘോഷിച്ചു. അഞ്ഞൂർ മാർ കൂറിലോസ് കുരിശിങ്കലേക്ക് പ്രദക്ഷിണവും ധൂപപ്രാർത്ഥനയും നടന്നു. തുടർന്ന് ദേവാലയത്തിൽ കൈമുത്തും ശ്ലൈഹീകവാഴ്വും നേർച്ചസദ്യയും ഉണ്ടായിരുന്നു. പെരുന്നാൾ ശുശ്രൂഷകൾക്ക് സഭാ പരമാദ്ധ്യക്ഷൻ അഭി. സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത പ്രധാന കാർമ്മികത്വം വഹിച്ചു. ഇടവക വികാരി ഫാ. വർഗ്ഗീസ് വാഴപ്പിള്ളി, ഇടവക സെക്രട്ടറി റിജു ചെമ്മണ്ണൂർ, ട്രഷറർ സോൾവിൻ മണ്ടുംപാൽ, ശ്യാമു മണ്ടുംപാൽ എന്നിവരടങ്ങിയ കമ്മിറ്റി നേതൃത്വം നൽകി.

**പഴഞ്ഞി: പ്രവേശനോത്സവം 2019** 2019 ജനുവരി 6-ാം തിയ്യതി പുതിയ അദ്ധ്യയനവർഷത്തിലേക്ക് കുട്ടികളെ പ്രവേശിപ്പിച്ചു. ഇടവക വികാരിയുടെയും ഇടവക സെക്രട്ടറിയുടേയും സണ്ടേസ്കൂൾ അദ്ധ്യാപകരുടേയും നേതൃത്വത്തിൽ പ്രവേശനോത്സവറാലിയും നടന്നു. ശേഷം എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പ്രോത്സാഹനസമ്മാനങ്ങളും മധുരവും നൽകി പ്രാർത്ഥനയോടുകൂടി ക്ലാസ്സുകൾ ആരംഭിച്ചു.

**പഴഞ്ഞി**: പഴഞ്ഞി സെന്റ് മേരീസ് പള്ളിയിൽ ദനഹ പെരുന്നാളിനോടനുബന്ധിച്ച് ജനുവരി 5,6 തിയ്യതികളിലായി ഫാ. പ്രിൻസ് ഐ. കോലാടിയുടെ കാർമ്മികത്വത്തിൽ വൈകീട്ട് സന്ധ്യാനമസ്ക്കാരവും തുടർന്ന് പിണ്ടികൾ തെളിയിക്കുകയും എം.ഐ.എസ്.സി. യൂത്ത്ലീഗിന്റെ ആഭിമുഖ്യത്തിൽ ആയിരത്തിയൊന്ന് ചിരാതുകൾ തെളിയിക്കുകയും ചെയ്തു. ഞായറാഴ്ച രാവിലെ പ്രഭാതനമസ്ക്കാരവും തുടർന്ന് ദനഹ പെരുന്നാളിന്റെ ശുശ്രൂഷകളും വി കുർബ്ബാനയും ഉണ്ടായിരുന്നു.

**പഴഞ്ഞി** : പഴഞ്ഞി സെന്റ് മേരീസ് പള്ളി സണ്ടേസ്കൂളിന്റെ സമ്മാനദാനം 27-1-2019 ഞായറാഴ്ച നടന്നു. സഭാ പരമാദ്ധ്യക്ഷൻ അഭി. സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനവും സമ്മാനദാനവും നിർവ്വഹിച്ച ചടങ്ങിൽ ഇടവക വികാരി ഫാ. പ്രിൻസ് ഐ. കോലാടി അദ്ധ്യക്ഷത വഹിച്ചു സണ്ടേസ്ക്കൂൾ അദ്ധ്യാപകൻ വർഗ്ഗീസ് സ്വാഗതം ആശംസിച്ചു. സണ്ടേസ്ക്കൂൾ പ്രധാന അദ്ധ്യാപിക ഷീല വിനയൻ റിപ്പോർട്ട് സമർപ്പിച്ചു. മുൻ വികാരി ഫാ. തോമസ് ചീരൻ, ഇടവക സെക്രട്ടറി പി.കെ. സഖറിയ, ഇടവക ട്രഷറർ നെൽസൺ തോമസ് എന്നിവർ ആശംസകൾ അർപ്പിച്ചു. വിദ്യാർത്ഥികളുടെ കലാപരിപാടികൾ ഉണ്ടായിരുന്നു. കൃത്യ സമയത്ത് എത്തിച്ചേർന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകി. സണ്ടേസ്ക്കൂൾ അധ്യാപിക വിൻസി രാജു നന്ദി അർപ്പിച്ചു. സ്നേഹവിരുന്നോടുകൂടി സമ്മാനദാനചടങ്ങ് സമാപിച്ചു.

**പഴഞ്ഞി** : പഴഞ്ഞി സെന്റ് മേരീസ് ദേവാലയത്തിലെ 2019-2020 ഭാരവാഹികളെ തിരഞ്ഞെടുത്തു. സെക്രട്ടറി പി.കെ. സഖറിയ, ട്രഷറർ നെൽസൺ തോമസ്, കമ്മറ്റി അംഗങ്ങൾ സി.റ്റി. ചുമ്മാർ, വിനു എഡിസൺ, എം.ജെ. വർഗ്ഗീസ്, പി.ഐ. പോൾസൺ, രാജു സി.കെ., ജിംസൺ എം.ജെ., ജോയ് മാസ്റ്റർ.

**ചെന്നൈ** : മലബാർ സ്വതന്ത്ര സുറിയാനി സഭ ചെന്നൈ ഇടവകയുടെ ഈ വർഷത്തെ പെരുന്നാൾ ജനുവരി 12, 13 (ശനി, ഞായർ) തീയതികളിൽ ആഘോഷിച്ചു. ശനിയാഴ്ച വൈകുന്നേരം 6.00 നു പെരുന്നാൾ റാസ പുറപ്പെട്ട് പള്ളിയുടെ പരിസരത്തുള്ള വഴികളിൽ സഞ്ചരിച്ചു. വി. ഗീവര്ഗീസ് സഹദയുടെ ഫോട്ടോ പ്രദർശിപ്പിച്ച രഥവും ഉണ്ടായിരുന്നു. തുടർന്ന് അഭി. സിറിൽ മോർ ബസ്സേലിയോസ് മെത്രാപ്പോലീത്തയുടെ മുഖ്യ കാർമികത്വത്തിൽ സന്ധ്യാനമസ്കാരവും ശേഷം എല്ലാവര്ക്കും ലഘുഭക്ഷണവും ഒരുക്കിയിരുന്നു. 13 ഞായർ 8.30നു പ്രഭാതപ്രാർത്ഥനയും തുടർന്ന് അഭി. സിറിൽ മോർ ബസ്സേലിയോസ് മെത്രാപ്പോലീത്തയുടെ മുഖ്യ കാർമികത്വത്തിൽ, ഫാ.തോമസ് ചീരൻ, ഇടവക വികാരി ഫാ. സ്കറിയ ചീരൻ എന്നിവരുടെ സഹ കാർമികത്വത്തിൽ വി.മൂന്നിന്മേൽ കുർബാന അർപ്പിച്ചു. കുരിശു പള്ളികളിൽ പ്രാർത്ഥനയും, പ്രദിക്ഷണവും, തിരുമേനിയുടെ ആശീർവാദവും തുടർന്ന് കൈമുത്തും ഉണ്ടായിരുന്നു. എല്ലാവര്ക്കും പൊതുസദ്യ ഒരുക്കിയിരുന്നു. കരിമരുന്ന് പ്രയോഗവും ചെണ്ടമേളവും ഉണ്ടായിരുന്നു. പെരുന്നാളിന് സെക്രട്ടറി ജോയ് കെ.വി., ട്രഷറർ വിൽസൺ സി. കെ. കമ്മിറ്റി അംഗങ്ങൾ, കൗൺസിൽ അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**പെരിങ്ങോട്** : പെരിങ്ങോട് സെന്റ് ജോർജ്ജ് ദേവാലയത്തിലെ 14-ാം സുവിശേഷ മഹായോഗം 2019 ജനുവരി 11,12,13 തിയ്യതികളിൽ നടത്തപ്പെട്ടു. അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത കൺവെൻഷൻ ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. എൽദോ പുളിഞ്ചോട്ടിൽ (സെന്റ് പോൾസ് മിഷൻ), ഫാ.ജോൺ ഈശോ (മുക്തി മിഷൻ), ഫാ. പ്രിൻസ് പൗലോസ് (മുളന്തുരുത്തി) എന്നിവർ മുഖ്യപ്രഭാഷകരായിരുന്നു. ഇടവക വികാരി ഫാ. അപ്രേം അന്തിക്കാട്, ഇടവക സെക്രട്ടറി ഡേവിസ് എടക്കളത്തൂർ, ട്രഷറർ ജോസ് മേക്കാട്ടുകുളം എന്നിവർ നേതൃത്വം വഹിച്ചു. ഫാ. വർഗ്ഗീസ് വാഴപ്പിള്ളി, ഫാ. പ്രിൻസ് ഐ. കോലാടി, ഫാ. ഗീവർഗ്ഗീസ് ചെമ്മണ്ണൂർ, ഫാ. മൈക്കിൾ ഗീവർഗ്ഗീസ്, ഫാ. സെറാഫിം മണ്ടുംപാൽ, ഫാ. തോമസ് ചീരൻ എന്നിവർ സന്നിഹിതരായിരുന്നു.

**പോർക്കുളം** : സെന്റ് ആദായ് ശ്ലീഹാ ദേവാലയത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കു ജനുവരി 20 ന് ഞായറാഴ്ച വിശുദ്ധ കുർബാനാനന്തരം സഭാ പരമാധ്യക്ഷൻ അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപോലീത്ത തിരുമനസ്സുകൊണ്ട് തുടക്കം കുറിച്ചു. വിശുദ്ധ കുർബാനാനന്തരം ദേവാലയത്തിൽ ചേർന്ന പൊതു സമ്മേളനത്തിൽ അഭിവന്ദ്യ മെത്രാപോലീത്ത മുഖ്യ സന്ദേശം നൽകി. വികാരി റവ.ഫാ. തോമസ് കുരിയൻ സ്വാഗതവും ഇടവക സെക്രട്ടറി ഡേവിസ് സി.കെ. ആശംസയും നിർമ്മാണ കമ്മിറ്റി സെക്രട്ടറി നന്ദിയും പറഞ്ഞു. റവ. ഫാ ജേക്കബ് സി. വി., റവ. ഫാ. ഗീവർഗീസ് സി. വി. സഭാ അൽമായ ട്രസ്റ്റി ബിനോയ്പി മാത്യു, സെക്രട്ടറി ഷിബു ജോബ് സി. എന്നിവർ സന്നിഹിതരായിരുന്നു.

Registered with the Register of News papers India Under No: 551197/85




# SHEENLAC

**PAINTS**

Since 1962 with quality perfection.

Ranked as the 5th largest paint company in India.

Operating 32 branch office, spread India and Sri Lanka.

Sheenlac is expanding both in the domestic & export markets and hopes to be India's leading paint company by 2020.

Sheenlac has 4 state of the art, quality certified plants with a combined production capacity of 1,00,000 KL per annum.

It is customer-centric company focussing on innovation and service.




SHEENLAC
WOOD COATINGS
Since 1962
www.sheenlac.in

SHEENLAC NOROO
KOREA'S LEADING AUTO FINISHES
Since 1945
www.sheenlacnoroo.com

JN PAINTS Jenson & Nicholson
DECORATIVE COATINGS
Since 1922
www.jnpl.in

INSPIRING CREATIVITY


Printed and Published by Rev. Fr. Thomas Cheeran on behalf of Malabar Independent Syrian Church Youth League Kunnamkulam and Printed at Glamour Offset Printers Pattambi Road, Kunnamkulam and Published at M.I.S.C.Y,L. Office, St. Thomas Church, Guruvayoor Road, Kunnamkulam. Chief Editor : Rev. Fr. Aphrem Anthikad